**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **14-01-2021 - ൽ മറുപടിയ്ക്ക്**

**കിഴക്കമ്പലം-നെല്ലാട് പൈപ്പ് മാറ്റുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഴക്കമ്പലം - നെല്ലാട് പൈപ്പ് മാറ്റുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തി യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടി പൊതുമരാമത്ത് വകുപ്പ്, കിഫ്ബി മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്ന പ്രവൃത്തിയാണ്. കിഴക്കമ്പലം പട്ടിമറ്റം റോഡിൽ പൊതുമരാമത്ത് വകുപ്പും കിഫ്ബിയുടെ ഉദ്യോഗസ്ഥരും നിർദ്ദേശിച്ച ഭാഗങ്ങളിൽ തടസ്സങ്ങൾ കൂടാതെ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. വീതിയില്ലാത്ത ഭാഗങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. നിലവിലെ റോഡിനു 5.50 മീറ്റർ വീതിയുണ്ടെങ്കിൽ അത് കഴിഞ്ഞു മാത്രം സ്ഥലം ഉണ്ടെങ്കിൽ പൈപ്പുകൾ സ്ഥാപിക്കാമെന്നും ഒരു കാരണവശാലും നിലവിലെ ടാറിൽ പൈപ്പുകൾ സ്ഥാപിക്കുവാൻ പാടില്ലായെന്നും പൊതുമരാമത്ത് വകുപ്പ് രേഖാമൂലം നിദ്ദേശം നൽകിയിട്ടുണ്ട്. ഈ അവസ്ഥയിൽ കിഴക്കമ്പലം - പട്ടിമറ്റം റോഡിലും പട്ടിമറ്റം - നെല്ലാട് റോഡിലും ഇനി പൈപ്പുകൾ സ്ഥാപിക്കുവാൻ വളരെ കുറച്ചു സ്ഥലമേയുള്ളൂ. ടാർ റോഡിൽ നിലവിൽ കിടക്കുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്ഥലം ഇല്ലാത്തതു കൊണ്ട് ആ ലൈനിലേക്ക് പുതിയതായി സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈൻ കണക്ട് ചെയ്തിട്ടില്ല. |
| (ബി) | പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (ബി) | ഉദ്യാഗസ്ഥ തലത്തിലും, കരാറുകാരുടെ ഭാഗത്തു നിന്നും പ്രവൃത്തി പൂർത്തീകരണത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| (സി) | ടി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | പൈപ്പുകൾ ഇനി സ്ഥാപിക്കേണ്ട അലൈൻമെന്റ് സംബന്ധിച്ച് നിർദ്ദേശം രേഖാ മൂലം പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ